തിനാലാണ് ബ്രാഞ്ച് മാനേജർ തസ്തികയിലെ പി.എസ്.സി. നിയമന നടപടികൾ വൈകാൻ കാരണമായതെന്നും ഇപ്പോൾ ജില്ലാ സഹകരണ ബാങ്കുകളിൽ ടി തസ്തികയിൽ പി.എസ്.സി. നിയമന നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നുമുള്ള മറുപടി നൽകി 2444/ബി2/2015/സഹ, 2518/ബി2/2015/സഹ. എന്നീ ഫയലുകൾ 19-6-2015-ന് തീർപ്പാക്കിയിട്ടുണ്ട്.

ചേർത്തല ചാലിൽ നിവർത്തിൽ ശ്രീ. അപ്പുവിന്റെ ഭൂമി വിട്ടു നൽകുന്നത്

84(2072) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല 1668-ാം നമ്പർ സർവ്വീസ് സഹകരണ ബാങ്കിന് നൽകാനുണ്ടായിരുന്ന വായ്പാ കുടിശ്ശികയ്ക്ക് വികലാംഗനും പട്ടികജാതിയിൽപ്പെട്ടയാളും നിർദ്ധനനുമായ ചേർത്തല ചാലിൽ നിവർത്തിൽ ശ്രീ. അപ്പു എന്ന കക്ഷിയിൽനിന്നും ബാങ്ക് ഏറ്റെടുത്ത കിടപ്പാടം ആവശ്യപ്പെട്ട തുക പൂർണ്ണമായും അടച്ചുതീർത്തിട്ടും മടക്കി നൽകാത്തത് എന്തുകൊണ്ടാണെന്ന് പറയാമോ ;

(ബി) മുഖ്യമന്ത്രിയുടെ 2013-ലെ ജനസമ്പർക്ക പരിപാടിയിൽ ഇതു സംബന്ധിച്ച് ശ്രീ. അപ്പു നൽകിയ നിവേദനത്തിന്മേൽ മുഖ്യമന്ത്രി നൽകിയ ഉറപ്പുപ്രകാരം കോ-ഓപ്പറേറ്റീവ് രജിസ്ട്രാർ വസ്തു മടക്കിനൽകാൻ ഉത്തരവ് നൽകാത്തത് എന്തുകൊണ്ടാണെന്ന് പറയാമോ ;

(സി) ഇതു സംബന്ധിച്ച് 25-7-2014-ൽ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ, രജിസ്ട്രാർക്ക് അയച്ചിരുന്ന സിപി.2/4301/2014 നമ്പർ ഫയൽ സംബന്ധിച്ച തീർപ്പ് എന്താണെന്ന് പറയാമോ ; ഈ ഫയലിലെ തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) ശ്രീ. അപ്പുവിന് സ്വന്തം ഭൂമി മടക്കി നൽകാൻ ഇത്രയേറെ സാങ്കേതിക ബുദ്ധിമുട്ട് ഉണ്ടെങ്കിൽ എന്തിനുവേണ്ടിയായിരുന്നു അദ്ദേഹത്തിൽനിന്നും സ്വന്തം കിടപ്പാടത്തിനുപുറമേ കുടിശ്ശിക തുകയും പലിശയും ഈടാക്കിയതെന്ന് പറയാമോ?

ഉത്തരം

(എ&ബി) ചേർത്തല സർവ്വീസ് സഹകരണ ബാങ്കിലെ 10264-ാം നമ്പർ അംഗമായ ശ്രീ. കെ. അപ്പു ഒ.എൽ. 640/93-94 നമ്പരായി 20-5-1994-ൽ വസ്തു

LIBRARY ARCHIVES Kerala Legislative Assembly

ജാമ്യത്തിന്മേൽ 6000 രൂപ വായ്പ എടുത്തിരുന്നു. ടി വായ്പ കുടിശ്ശിക ആയതിനെ തുടർന്ന് ജാമ്യവസ്തുവിന്മേൽ ചേർത്തല മുൻസിഫ് കോർട്ട് മുഖാന്തരം ആർബിട്രേഷൻ അവാർഡിന്മേൽ 18-6-2001-ൽ ലേല നടപടി നടത്തി 17-8-2001-ൽ ബാങ്കിന്റെ പേരിൽ ലേലം സ്ഥിരപ്പെടുത്തുകയും 9-4-2003-ൽ ജാമ്യവസ്തു ബാങ്ക് നടത്തിയെടുക്കുകയും ചെയ്തിട്ടുള്ളതാണ്.

ശ്രീ. അപ്പു ടി ബാങ്ക് ഭരണസമിതിക്ക് സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ബാങ്കിന് ലഭിക്കേണ്ട മുതൽ, പലിശ, മറ്റിനം എന്നീ ഇനങ്ങളിലെ തുക ഈടാക്കിക്കൊണ്ട് പൊതുയോഗത്തിന്റെ തീരുമാനപ്രകാരം ജാമ്യവസ്തു വായ്പക്കാരന് തിരികെ നൽകുന്നതിന് ഭരണസമിതി തീരുമാനം കൈക്കൊള്ളുകയും ബാങ്കിന്റെ പേരിൽ ലേലം കൊണ്ട് ബാങ്കിന്റെ പേരിൽ രജിസ്റ്റർ ചെയ്ത് ഈടു വസ്തു വായ്പക്കാരന് തിരികെ നൽകുന്നതിന് ആലപ്പുഴ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന സഹകരണസംഘം രജിസ്ട്രാർക്ക് സമർപ്പിച്ച അപേക്ഷയിന്മേൽ സർക്കാരിന്റെ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും സർക്കാരിൽനിന്നും അനുവാദം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ജാമ്യവസ്തു തിരികെ നൽകുന്നതിന് സംഘത്തിന് അനുമതി നൽകുവാൻ സഹകരണ സംഘം രജിസ്ട്രാർ, ജോയിന്റ് രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ശ്രീ. അപ്പു, ബാങ്കിൽ അടക്കേണ്ടതായ മുതൽ, പലിശ, കേസ് ചിലവ് എന്നിവ ടിയാൻ ബാങ്കിൽ അടച്ച വിവരങ്ങളാണ് 25-7-2014-ലെ കത്തിൽ പരാമർശിച്ചിരുന്നത്. ഇത് സംബന്ധിച്ച ടി ഫയലിലെ തീരുമാനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ഡി) ചേർത്തല സർവ്വീസ് സഹകരണ ബാങ്കിന്റെ 18-10-2009-ൽ കൂടിയ ബാങ്ക് പൊതുയോഗത്തിലെ തീരുമാനപ്രകാരം 44 പേരുടെ വസ്തുവകകൾ തിരികെ വായ്പക്കാർക്ക് നൽകുന്നതിനുള്ള അപേക്ഷയാണ് ബാങ്ക് സമർപ്പിച്ചിരുന്നത്. ശ്രീ. അപ്പുവിന്റെ വസ്തു ഈ 44 പേരിൽ ഉൾപ്പെടുന്നതാണ്. ലേലം ചെയ്ത് ബാങ്കിന്റെ പേരിലാക്കിയിട്ടുള്ള ശ്രീ. അപ്പുവിന്റെ ഈടു വസ്തു ടിയാൻ ഭ്രൂഹിതനാകുമെന്നതിനാൽ മാനുഷിക പരിഗണന നൽകി ബാങ്കിന് ലഭിക്കേണ്ട തുക അടയ്ക്കുന്നപക്ഷം തിരികെ നൽകുന്നതിന് തീരുമാനമെടുക്കുകയും ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന അപേക്ഷിക്കുകയും ചെയ്തിരുന്നു. 44 പേരുടെ വസ്തുക്കൾ തിരികെ നൽകുന്നതിന് ഒന്നായ അപേക്ഷ ലഭിച്ചതിനെ തുടർന്ന് അപേക്ഷകൾ പ്രത്യേകം പ്രത്യേകം പരിശോധിക്കേണ്ടി വന്നതിനാലാണ് ലേലവസ്തു ഉടൻ തിരികെ നൽകുന്നത് സംബന്ധിച്ച തീരുമാനം കൈക്കൊള്ളാൻ വൈകിയത്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly